വിശ്വസാഹിത്യമാല

ഗളിവറുടെ യാത്രകൾ

ജൊനാഥൻ സ്വിഫ്റ്റ്

രണ്ടര ശതാബ്ദത്തിനുമേലായി ലോകമെങ്ങുമുള്ള അനുവാചകരെ പ്രായദേശവർഗ്ഗഭേദമന്യേ അതിയായി ആകർഷിച്ചിട്ടുള്ള കൃതിയാണ് ഗളിവറുടെ യാത്രകൾ. അത്ഭുതസംഭവങ്ങളുടെ അനന്തമായ പരമ്പര കുട്ടികൾ ഇതിൽ കാണുന്നു. മുതിർന്നവർ ഇതിലെ ആക്ഷേപഹാസ്യ ധ്വനി രുചിക്കുന്നു. ഗളിവറുടെ യാത്രകൾക്ക് അനേകം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. എല്ലാ നാട്ടിലെയും എക്കാലത്തുമുള്ള ജനങ്ങളെ ആകർഷിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു ഈ കൃതി.

സംഗൃഹീത പുനരാഖ്യാനം : **പി. സുബ്ബയ്യാപിള്ള**

ജനറൽ എഡിറ്റർ : **ഡോ. പി. കെ. രാജശേഖരൻ**

കവർ ഡിസൈൻ: **ഡിസൈൻ ഡിഫറൻസ്**

ഡിസി ബുക്സ്

www.dcbooks.com

ISBN 81-264-0475-2

9 788126 404759 00012

നോവൽ | E-book available | POD | ₹ 140

ഗളിവറുടെ യാത്രകൾ • ജൊനാഥൻ സ്വിഫ്റ്റ്

ഡിസി ബുക്സ്

വിശ്വസാഹിത്യമാല

ഗളിവറുടെ യാത്രകൾ

ജൊനാഥൻ സ്വിഫ്റ്റ്

T8M3 SWI/G
CASMIVK
1325

DCB

Gulliver's Travels | Jonathan Swift

ഗളിവറുടെ യാത്രകൾ

College Of Avian Sciences & Management
LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No................................. Call No. 1325

This book should be returned on or before the date last given below.

15-08
17 JUL 2018

llege Library TVK
1325

T8M3 SWI/G
CASMTVK
1325

ജൊനാതൻ സ്വിഫ്റ്റ് (1667–1745)

ആംഗ്ലോ-ഐറിഷ് ആക്ഷേപഹാസ്യകാരനും ഉപന്യാസകാരനും രാഷ്ട്രീയ വിമർശകനുമായ ജൊനാതൻ സ്വിഫ്റ്റ് 1667 നവംബർ 30-ന് അയർലൻഡിലെ ഡബ്ലിനിൽ ജനിച്ചു. ഡബ്ലിൻ സർവകലാശാലയിൽനിന്നു ബിരുദവും ഓക്സ്ഫഡിൽനിന്നു ബിരുദാനന്തര ബിരുദവും നേടി. കുറച്ചുകാലം അയർലൻഡിൽ പുരോഹിതനായി ജോലിനോക്കി. ഇംഗ്ലിഷ് നയതന്ത്രജ്ഞനായ സർ വില്യം ടെംപിളിന്റെ പേഴ്സണൽ അസിസ്റ്റന്റും കൃതികളുടെ എഡിറ്ററുമായി പ്രവർത്തിച്ചു. 'എ ടെയ്ൽ ഓഫ് ടബ്,' 'ബാറ്റിൽ ഓഫ് ബുക്സ്' എന്നീ കൃതികളോടെ എഴുത്തുകാരനെന്ന നിലയിൽ പ്രശസ്തിനേടി. 1762-ൽ പ്രസിദ്ധീകരിച്ച 'ഗളിവേഴ്സ് ട്രാവൽസ്' ആണ് സ്വിഫ്റ്റിനു ചിരപ്രതിഷ്ഠ നല്കിയത്. 1745 ഒക്ടോബർ 19-ന് അന്തരിച്ചു.

ജൊനാതൻ സ്വിഫ്റ്റ്

ഗളിവറുടെ യാത്രകൾ

സംഗൃഹീത പുനരാഖ്യാനം

പി. സുബ്ബയ്യാപിള്ള

ജനറൽ എഡിറ്റർ

ഡോ. പി. കെ. രാജശേഖരൻ

ഡി സി ബുക്സ്

VISWASĀHITHYAMĀLA

MALAYALAM LANGUAGE
Original English Title
Gulliver's Travels

ENGLISH LITERATURE / SATIRE
by Jonathan Swift

MALAYALAM TITLE
Gullivarude Yāthrakal
Abridged & Retold by P. Subbayya Pillai
General Editor Dr. P.K. Rajasekharan

© DC Books

First Published December 1982
This edition - July 2017

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Swift, Jonathan.
Gullivarude yathrakal / Jonathan Swift.
152p; 21cm (Viswasahithyamala).
ISBN 81-264-0475-2.
Malayalam retelling of 'Gullivers travels' retold by P. Subbayya Pillai.
Series editor ; P.K. Rajasekharan.
1. English story. 2. Collection. I. Title. II. Title - English.
III. Subbayya Pillai. IV. Series. V. Rajasekharan, P.K.
808.8 - dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-0475-2

Printed in India
at Repro India Ltd, Mumbai.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION
379/17-18-Sl.No. 16798-dcb 533(12) 300(POD)-4175-07-17-p sd

ആമുഖം

തന്റെ കാലത്തെ ഇംഗ്ലണ്ടിലെ രാഷ്ട്രീയ സംവിധാനത്തെയും മനുഷ്യന്റെ പൊങ്ങച്ചത്തെയും നോക്കി പൊട്ടിച്ചിരിക്കുകയായിരുന്നു 'ഗളിവറുടെ യാത്രകൾ' എന്ന നോവലിലൂടെ ജൊനാതൻ സ്വിഫ്റ്റ്. വിചിത്രദ്വീപുകളിലേക്കും അവിടങ്ങളിലെ വിചിത്ര മനുഷ്യരിലേക്കും കപ്പൽ തകർന്നെത്തിയ ലെമൂവൽ ഗളിവറെ പലരീതികളിൽ വായിക്കാം. ഏതു തലമുറയിൽപ്പെട്ടവർക്കും വായിക്കാം. സ്ഥലകാലങ്ങളും വിദ്യാഭ്യാസ-സാംസ്കാരിക സാഹചര്യങ്ങളുമൊന്നും അതിന്റെ രസനീയതയെ ബാധിക്കില്ല. ഈ സാർവജനീനതയും സാർവകാലികതയുമാണ് മൂന്നു നൂറ്റാണ്ടിനപ്പുറം എഴുതപ്പെട്ട ഗളിവറുടെ യാത്രകളെ നിലനിർത്തുന്നത്. ആക്ഷേപഹാസ്യ(satire)ത്തിന്റെ ഏറ്റവും തിളക്കമുള്ള മാതൃകയായ ഈ കൃതി ഇന്നത്തെ വായനക്കാർക്ക് വ്യത്യസ്തമായ അനുഭവമാണു നല്കുക. താൻ ജീവിച്ച കാലത്തെ ഇംഗ്ലിഷ് രാഷ്ട്രീയത്തെ, ചക്രവർത്തിയെയും മന്ത്രിസഭയെയും വിമർശനപരിഹാസത്തിന് ഇരയാക്കാനാണ് സ്വിഫ്റ്റ് ഗളിവറുടെ വിചിത്രലോകങ്ങൾ സൃഷ്ടിച്ചത്. പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലിഷ് രാഷ്ട്രീയം സ്വന്തം ചരിത്രത്തിന്റെയും അനുഭവത്തിന്റെയുമൊന്നും ഭാഗമല്ലാത്തവരാണ് ഈ കൃതിയുടെ പില്ക്കാല വായനക്കാർ. അവർ ഗളിവറുടെ യാത്രകളിൽ അനുഭവിച്ചതും അനുഭവിച്ചുകൊണ്ടിരിക്കുന്നതും തങ്ങളുടെ കാലങ്ങളിലും പ്രയുക്തമാകുന്ന ആക്ഷേപഹാസ്യത്തിന്റെയും വിഡംബനത്തിന്റെയും തീവ്രതയാണ്. മനുഷ്യപ്രകൃതിയെയും സമൂഹത്തെയും ഇത്രമേൽ രൂക്ഷവും സന്ദിഗ്ദ്ധവുമായി വിമർശിക്കുന്ന കൃതികൾ അപൂർവമാണ്. രാഷ്ട്രീയാധികാരത്തെ ദുരുപയോഗം ചെയ്യുന്ന എല്ലാത്തരം ഭരണസംവിധാനങ്ങൾക്കും സാമൂഹിക വ്യവസ്ഥകൾക്കുമെതിരായ വാക്കിന്റെ യുദ്ധമാണ് ഗളിവറുടെ യാത്രകൾ. അതിന്റെ ആയുധം വിധ്വംസകമായ ഹാസ്യവും.

'ലോകത്തെ ഒട്ടേറെ വിദൂരസ്ഥ രാഷ്ട്രങ്ങളിലേക്കുള്ള സഞ്ചാരങ്ങൾ, നാലുഭാഗമായി. ആദ്യം സർജനും പിന്നീട് ഒട്ടേറെ കപ്പലുകളിലെ ക്യാപ്ടനുമായ ലെമൂവൽ ഗളിവർ രചിച്ചത്' (Travels into Several Remote Nation of the World, in Four Parts. By Lemuel Gulliver, First a Surgeon, and then a Captain of Several Ships) എന്ന നെടുങ്കൻ പേരുമായി 1726-ൽ അജ്ഞാതകർത്തൃകമായി പുറത്തുവരുകയും 1735-ൽ കുറച്ചുഭാഗങ്ങൾകൂടി കൂട്ടിച്ചേർക്കപ്പെടുകയും ചെയ്ത 'ഗളിവറുടെ യാത്രകൾ'